**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5184** **14-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കളക്ടേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ച് മാറ്റി റവന്യൂ വകുപ്പിലെ ഓഫീസുകൾക്ക് വേണ്ടി പുതിയ റവന്യൂ ടവർ നിർമ്മിക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ റവന്യൂ ടവർ നിർമ്മാണത്തിനായുള്ള പ്ലാൻ പിഡബ്ല്യുഡി ആർക്കിടെക്ചറൽ വിംഗ്, തിരുവനന്തപുരം തയ്യാറാക്കി വരുകയാണ്. |
| (ബി) | റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം റവന്യൂ ടവർ നിർമ്മിക്കുന്നതിന് 65 കോടിയുടെ എസ്റ്റിമേറ്റ് റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ നിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കുകയുണ്ടായില്ല. |
| (സി) | നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടത് അനിവാര്യമാകയാൽ ആയതിന് അടിയന്തരമായി അനുമതി നൽകുമോ; വിശദാംശം അറിയിക്കുമോ? | (സി) | ബഡ്ജറ്റ് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ